പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**2044** 13/06/2019-ൽ മറുപടിക്ക്

## ശിശുമരണനിരക്ക് കുറയ്ക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | സംസ്ഥാനത്ത് 2015-16, 2016-17, 2017-18 വർഷങ്ങളിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | എ) | 2015 -16, 2016 -17, 2017 - 18 വർഷങ്ങളിൽ യഥാക്രമം 2705, 2535, 2705 എന്നിങ്ങനെ ആകെ 7945 ശിശുമരണങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. |
| ബി) | പ്രസ്തുത വർഷങ്ങളിലെ ശിശുമരണങ്ങളുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | ബി) | അനുബന്ധം ആയി ചേർക്കുന്നു. |
| സി ) | സംസ്ഥാനത്ത് ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | സി) | ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസവം നടക്കുന്ന ആശുപത്രികളിൽ NBCC (New Born Care Corner ) ഉടങ്ങി. തെരഞ്ഞെടുക്കപെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit ), SNCU (Special New Born Care Unit ) എന്നിവ ഉടങ്ങി. ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി വാങ്ങി നൽകി. നവജാത ശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കി. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| TOTAL NUMBER OF INFANT DEATH FROM 2015-16 TO 2017-18 | | | | |
|---|---|---|---|---|
| SL. NO | DISTRICT | Infant Death | | |
| | | 2015-16 | 2016-17 | 2017-18 |
| 1 | ALAPPUZHA | 130 | 118 | 100 |
| 2 | ERNAKULAM | 116 | 122 | 118 |
| 3 | IDUKKI | 103 | 86 | 106 |
| 4 | KANNUR | 187 | 181 | 211 |
| 5 | KASARAGOD | 161 | 193 | 186 |
| 6 | KOLLAM | 197 | 167 | 192 |
| 7 | KOTTAYAM | 105 | 113 | 101 |
| 8 | KOZHIKODE | 261 | 220 | 263 |
| 9 | MALAPURAM | 548 | 546 | 560 |
| 10 | PALAKKAD | 262 | 204 | 213 |
| 11 | PATHANAMTHITTA | 69 | 46 | 72 |
| 12 | THIRUVANANTHAPURAM | 228 | 235 | 281 |
| 13 | THRISSUR | 201 | 194 | 176 |
| 14 | WAYANAD | 137 | 110 | 126 |
| TOTAL | | 2705 | 2536 | 2705 |

സെക്ഷൻ ഓഫീസർ.